**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംരംഭകവർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ സംരംഭകവർഷം പദ്ധതി പ്രകാരം എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും; ഇതിലൂടെ എത്രപേർക്ക് പുതുതായി തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | 2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽത്തന്നെ സംസ്ഥാനത്ത് 93,408 എം.എസ്.എം.ഇ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ 2,04,035 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംരംഭകവർഷം പദ്ധതിയിലൂടെ എത്ര രൂപയുടെ നിക്ഷേപം പുതുതായി ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽ സംസ്ഥാനത്ത് 93,408 എം.എസ്.എം.ഇ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5760.77 കോടി രൂപ നിക്ഷേപം വരുകയും ചെയ്തിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ബാങ്ക് വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കേരളാ സംരംഭക വായ്പാ പദ്ധതി (KELS) എന്ന പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ വാണിജ്യ ബാങ്കുകളും സംരംഭക വായ്പ നൽകി വരുന്നുണ്ട്. കൂടാതെ കേരളാ ഫിനാൻഷ്യൽ കോർപറേഷൻ, കേരളാ ബാങ്ക്, മറ്റു സഹകരണ ബാങ്കുകൾ, കേരളാ പിന്നാക്ക വികസന കോർപറേഷൻ മുതലായ സ്ഥാപനങ്ങളും സംരംഭകർക്കുള്ള വായ്പ നൽകി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ